ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന് വിമാനയാത്രയ്ക്കായി 15-12-2010 വരെ ₹ 12,57,285 (പന്ത്രണ്ടുലക്ഷത്തി അമ്പത്തി ഏഴായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) ചെലവായി.

(ബി) ഇതിൽ സംസ്ഥാനത്തിനകത്ത് ₹ 4,82,346 (നാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ്റി നാല്പത്താറ് രൂപ മാത്രം) സംസ്ഥാനത്തിന് പുറത്ത് ₹ 7,74,939 (ഏഴ് ലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒൻപത് രൂപ മാത്രം) ചെലവായി.

2010-11-ലെ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ

9 (15) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ലെ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ എത്ര ;

(ബി) 2010 നവംബർ 30 വരെ ഇതിൽ എത്ര സംഖ്യ ചെലവിട്ടു ; ഓരോ മേഖലയ്ക്കും എത്ര തുക വീതം ചെലവിട്ടുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10,025 കോടി രൂപ.

(ബി) 3708.79 കോടി രൂപ.

(I)	കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും	299.20
(II)	ഗ്രാമവികസനം	201.55
(III)	സഹകരണം	7.85
(IV)	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	99.37
(V)	വൈദ്യുതി	339.75
(VI)	വ്യവസായവും ധാതുക്കളും	355.12
(VII)	ഗതാഗതവും വാർത്താവിനിമയവും	664.77
(VIII)	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	24.65
(IX)	സാമൂഹ്യവും സാമൂഹ്യസേവനവുമായ സർവ്വീസുകൾ	900.67
(X)	സാമ്പത്തിക സർവ്വീസുകൾ	64.30
(XI)	ജനറൽ സർവ്വീസുകൾ	34.97
(XII)	തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ	716.59

LIBRARY ARCHIVES Kerala Legislative Assembly